കേരള സർക്കാർ

<u>സംഗ്രഹം</u>

ഭവന നിർമ്മാണ വകുപ്പ് - ഇടത്തരവരുമാനക്കാർക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയിൽ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ ഗുണഭോക്തൃ വിഹിതവും ഉപയോഗിച്ച് ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്ന "സങ്കേതം ഭവന നിർമ്മാണ പദ്ധതി"- തത്വത്തിൽ അംഗീകാരം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭവന നിർമ്മാണ (സി) വകുപ്പ്

സ.ഉ.(എം.എസ്)നം. 15/2013/ഭവനം തീയതി, തിരുവനന്തപുരം :08.05.2013

---

പരാമർശം: 1. 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗം.
2. ഭവന നിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 28.05.2012, 13.12.2012, 16.03.2013 എന്നീ തീയതികളിലെ പി4/49/2012/എച്ച്.ബി നമ്പർ കത്ത്.

## <u>***ഉത്തരവ്***</u>

ഇടത്തരവരുമാനക്കാർക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയിൽ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ ഗുണഭോക്തൃ വിഹിതവും ഉപയോഗിച്ച് ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുവാൻ ഉദ്ദേശിച്ചുകൊണ്ട് 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിച്ചിട്ടുള്ളതാണ് "സങ്കേതം ഭവന നിർമ്മാണ പദ്ധതി".

2. ഇതു സംബന്ധിച്ച് പരാമർശം 2 ലെ 28.05.2012-ലെ കത്ത് പ്രകാരം ഭവന നിർമ്മാണ ബോർഡ് സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് പുന:പരിശോധിച്ച് പുതുക്കി സമർപ്പിക്കുവാൻ നിർദ്ദേശിച്ചതനുസരിച്ച് പരാമർശം 2 ലെ 13.12.2012-ലെ കത്ത് പ്രകാരം പുതുക്കിയ സാമ്പത്തിക ഘടന താഴെപറയുന്ന പ്രകാരം ഭവന നിർമ്മാണ ബോർഡ് സർക്കാരിലേയ്ക്ക് സമർപ്പിക്കുകയുണ്ടായി. അതനുസരിച്ച് *"പഞ്ചായത്ത് ഭൂമി അനുവദിക്കുമ്പോൾ അതിൽ 400 ച:അടി വിസ്തീർണ്ണം വരുന്ന ഒരു ഫ്ലാറ്റിന്റെ നിർമ്മാണ ചെലവിന് അഞ്ച് ലക്ഷം രൂപയിൽ രണ്ട് ലക്ഷം രൂപസർക്കാർ സബ്സിഡിയായും, രണ്ട് ലക്ഷം രൂപ പഞ്ചായത്തുകൾ വായ്പയായി സമാഹരിക്കുന്നതും, ഒരു ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവും ഉൾക്കൊള്ളിച്ചിരിക്കുന്നു. ബോർഡ് പഞ്ചായത്ത് നൽകുന്ന ഭൂമിയിൽ ഫ്ലാറ്റ് പൂർത്തിയാക്കുന്ന മുറയ്ക്ക് ഗുണഭോക്താവിന് അലോട്ട് ചെയ്യുന്നതിനായി അതത് പഞ്ചായത്തിന് തന്നെ കൈമാറുന്നതും, ഗുണഭോക്താവ് വായ്പാ തിരിച്ചടവിനായി പഞ്ചായത്തുമായി കരാറിലേർപ്പെട്ട ശേഷം ഫ്ലാറ്റുകൾ സ്വന്തമാക്കാവുന്നതുമാണ്."*

3. മേൽപറഞ്ഞപ്രകാരമുള്ള സാമ്പത്തിക ഘടനയ്ക്ക് തത്വത്തിൽ അംഗീകാരം ലഭ്യമായാൽ മാത്രമേ പദ്ധതി സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിനെ അറിയിച്ച് ഭൂമി ലഭ്യമാക്കുവാനും വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുവാനും കഴിയുകയുള്ളൂ എന്നും ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി അറിയിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഉച്ചവരുമാനക്കാർക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയിൽ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ ഗുണഭോക്തൃ വിഹിതവും ഉപയോഗിച്ച് ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്ന 'സങ്കേതം' ഭവന നിർമ്മാണ പദ്ധതിയ്ക്ക് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
റ്റി. ഒ. സൂരജ്
സെക്രട്ടറി

ചെയർമാൻ, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, തിരുവനന്തപുരം.
ഹൗസിംഗ് കമ്മീഷണർ, തിരുവനന്തപുരം.
ധനകാര്യ (പി.യു.സി) വകുപ്പ്. (10.01.2013-ലെ 110476/PUC3/12/Fin പ്രകാരം)
ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്. (15.02.2013 ലെ 994/എ 1/13/പ്ലാനിംഗ് നമ്പർ പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. ധനകാര്യ നിയമ ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്.
ഭവന നിർമ്മാണ വകുപ്പ് സെക്രട്ടറിയുടെ പി.എ -യ്ക്ക്
ഭവന നിർമ്മാണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ -യ്ക്ക്